(സി) ഹെഡ് കൺസ്റ്റബിളായി പ്രമോട്ടുചെയ്യുവാൻ നേരത്തെ പരീക്ഷയോഗ്യത നേടിയിട്ടുള്ള പലരും ഉണ്ടായിരുന്നു.

(ഡി) നടത്തി.

(ഇ) അതെ; മുൻഉത്തരവിന്റെ പ്രാബല്യം 1958-ൽ തീർന്നു.

(എഫ്) റൂളനുസരിച്ചും നിലവിലുള്ള വേക്കൻസി അനുസരിച്ചും ഒരു സംവത്സരകാലം നടത്തപ്പെടുന്നതാണ്.

(ജി) 40 ശതമാനം.

പഞ്ചായത്തു തെരഞ്ഞെടുപ്പ്.

*1630. [34] ശ്രീ. എൻ. ഗണപതി: തിരുവനന്തപുരം വിജിലൻസ് ആന്റ് സ്പെഷൽ സ്ഥാപനമന്ത്രി അവർകൾ ദയവുചെയ്ത് പറയാമോ:

(എ) 1959-ൽ കണ്ടിപ്പായ് പഞ്ചായത്തു തെരഞ്ഞെടുപ്പ് നടത്തുമെന്നു ഉറപ്പിച്ചു പറഞ്ഞിരുന്നുവോ;

(ബി) എപ്പോഴത്തേക്കു നടത്തുമെന്നു സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) പഞ്ചായത്തു തെരഞ്ഞെടുപ്പ് സർക്കാർ പറഞ്ഞ സമയങ്ങൾ മാറ്റിവയ്ക്കുന്നതിന്റെ കാരണം എന്ത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാണ്ടി):

(എ) തീർച്ചപ്പെടുത്തിയിട്ടില്ല.

(ബി) പഞ്ചായത്തു് അക്ട് പാസ്സായാൽ ഉടൻ തിരഞ്ഞെടുപ്പിനു് നടപടി എടുക്കുന്നതാണ്.

(സി) (1) പഞ്ചായത്തു് ഡിലിമിറേഷൻ പൂർത്തിയാകാനുള്ള താമസം.

(2) പഞ്ചായത്തുകളിൽ നിയമമാകുവാനുള്ള താമസം.

അറബിക് ലോവർ എക്സാമിനേഷൻ.

*1631. [39] ശ്രീമതി കുസുമം ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) 1960 മാർച്ചു മുതൽ അറബിക് ലോവർ എക്സാമിനേഷൻ നിറുത്തൽ ചെയ്യുവാൻ തീരുമാനങ്ങൾ എടുത്തുകഴിഞ്ഞുവോ;

(ബി) കഴിഞ്ഞെങ്കിൽ അതിന്റെ കാരണമെന്തു്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) & (ബി) ഗവണ്മെന്റിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly